51929/Q/13/Bm

# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

04.07.2013 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5598

## ടൂറിസ്റ്റുകളുടെ വർദ്ധന

**ചോദ്യം**

**ശ്രീ. പി.എ.മാധവൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ.റ്റി.ജോർജ്**

എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസ്റ്റുകളുടെ വരവ് വർദ്ധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

സി) ഇതു മൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട് ;

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

എ) & ബി) ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

- 2011 വർഷത്തിൽ 93,81,455 ആഭ്യന്തര ടൂറിസ്റ്റുകളും 7,32,985 വിദേശ ടൂറിസ്റ്റുകളും കേരളത്തിലെത്തിയിട്ടുണ്ട്.
- 2012 വർഷത്തിൽ 1,00,76,854 ആഭ്യന്തര ടൂറിസ്റ്റുകളും 7,93,696 വിദേശ ടൂറിസ്റ്റുകളും കേരളത്തിലെത്തിയിട്ടുണ്ട്.
- 2013 ജനുവരി മുതൽ ഏപ്രിൽ വരെ 32,72,257 ആഭ്യന്തര ടൂറിസ്റ്റുകളും 3,75,491 വിദേശ ടൂറിസ്റ്റുകളും കേരളത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

സി) 2011 - ൽ 4221.99 കോടി വിദേശ നാണ്യവും 2012ൽ 4571.69 കോടി വിദേശ നാണ്യവും സംസ്ഥാനത്തിന് നേടാൻ സാധിച്ചു. തദ്ദേശ ടൂറിസം വരുമാനത്തിൽ നിന്നുള്ള കണക്ക് യഥാക്രമം 10131.97 കോടിയും 10883 കോടിയുമാണ്. 2011 ലേക്കാൾ 7.4% വർദ്ധനവ് ഉണ്ടായിരുന്നു.

| | | | |
|---|---|---|---|
| ഡി) | ഈ ലക്ഷ്യം സാധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പര്യാപ്തമായ നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br><br>അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാരമേള, റോഡ് ഷോ എന്നിവയും ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേള, റോഡ് ഷോ എന്നിവയും നടത്തിവരുന്നു. സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവങ്ങൾ, നിശാഗന്ധി നൃത്തോത്സവം എന്നീ പരിപാടികളും ഡ്രീം സീസൺ എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നീണ്ടുനിൽക്കുന്ന വിവിധ പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങി ഡിജിറ്റൽ സംവിധാനങ്ങൾ തുടങ്ങിയവ മുഖേനയുള്ള പരസ്യങ്ങളിലൂടെയും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**